# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6653      09.07.2014- ൽ മറുപടിക്ക്

## മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക് ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2010 മുതലുള്ള റിബേറ്റ് കുടിശ്ശിക ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തുണി വിറ്റുവരവ് എസ്.ബി അക്കൗണ്ടിൽ അടയ്ക്കുന്നതിന് പകരം ആർ.ബി.ഐ.സി.സി അക്കൗണ്ടിൽ അടയ്ക്കണമെന്ന് ഉത്തരവു നിലവിലുണ്ടോ ; | (ബി) ഉണ്ട്.<br>കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ സർക്കുലർ പ്രകാരം റിബേറ്റ് കാലയളവിലെ തുണി വിറ്റുവരവ് തുകയുടെ 60%ൽ കുറയാത്ത തുക ആർ.ബി.ഐ.സി.സി അക്കൗണ്ടിൽ അടയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മാണിയാട്ട് വീവേഴ്സ് സൊസൈറ്റിക്ക് റിബേറ്റ് നൽകാതിരിക്കുന്നതിന്റെ ഫലമായി സംഘവും തൊഴിലാളികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) റിബേറ്റ് കാലയളവിലെ വില്പന തുക സി.സി അക്കൗണ്ടിൽ അടക്കുന്നതിനു പകരം എസ്.ബി അക്കൗണ്ടിൽ അടച്ചതുമൂലമാണ് റിബേറ്റ് ലഭിക്കാത്തത്. എന്നാൽ ആർ.ആർ.ആർ പാക്കേജ് നടപ്പിലാക്കുന്നതുവരെ എസ്.ബി അക്കൗണ്ടിൽ പണം അടച്ചവർക്കും റിബേറ്റ് നൽകാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 വർഷത്തെ റിബേറ്റ് അപേക്ഷകൾ പരിശോധിച്ച് വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി |

കാലയളവിലെ റിബേറ്റ് അനുവദിച്ച് നൽകുന്ന താണ്. മാണിയാട്ടു വീവേഴ്സ് സംഘത്തിന് കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് ഈ സംഘം ഉൾപ്പെട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലെ ലിസ്റ്റും അർഹതയുള്ള തുകയും ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റ്ലൂമിന് അയച്ചു കൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്നും ഈ തുക കിട്ടുമ്പോൾ ബാങ്കിൽ നിന്നും എടുത്ത 31/03/2010 വരെയുള്ള വായ്പയും 25% പലിശയും ഒഴിവാക്കി കിട്ടും. ബാങ്കിൽ നിന്ന് പുനർ വായ്പയും ലഭിക്കും.

സെക്ഷൻ ഓഫീസർ